**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 237** **27-06-2022 - ൽ മറുപടിയ്ക്ക്**

**ഓട്ടിസം ബാധിതരായ കുഞ്ഞുങ്ങൾക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഓട്ടിസം ബാധിതരായ കുഞ്ഞുങ്ങൾക്ക് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം ; വിശദമാക്കുമോ ? | (എ) | സാമൂഹ്യ നീതി വകുപ്പിനു കീഴിലുള്ള കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന നടത്തുന്ന അനുയാത്ര പദ്ധതിയുടെ ഭാഗമായി ഓട്ടിസം ബാധിതരായ കുട്ടികൾക്കായി ഓട്ടിസം സ്ക്രീനിംഗ്, പരിശീലനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും, രക്ഷിതാക്കളുടെ പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ധ പരിശീലനം തുടങ്ങിയവയ്ക്കായി സ്പെക്ട്രം എന്ന പേരിൽ ഓട്ടിസം സെന്ററുകൾ, റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ, രക്ഷിതാക്കൾക്കുള്ള പരിശീലനം എന്നിവ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പാക്കി വരുന്നു.<br><br>ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും പരിശീലനവും സർക്കാർ മെഡിക്കൽ കോളേജുകളുമായി അനുബന്ധമായിട്ടുള്ള സൈക്യാട്രി വിഭാഗങ്ങളിലെ ചൈൽഡ് സൈക്യാട്രി ക്ലിനിക്കുകളിൽ നൽകി വരുന്നു. ഇതു കൂടാതെ തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസിൽ Child Development Center ലും ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള പരിശീലനം നൽകി വരുന്നുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ പീഡിയാട്രിക്സ് വിഭാഗത്തിൽ പ്രത്യേകമായിട്ടുള്ള ഒരു ഓട്ടിസം ക്ലിനിക് നടത്തി വരുന്നുണ്ട്. അവിടെയും കുട്ടികൾക്കുള്ള പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. വിവിധ തെറാപ്പിസ്റ്റുകളുടെ സേവനവും ലഭ്യമാക്കി വരുന്നു. സ്പീച്ച് തെറാപ്പി, ഒക്കുപ്പേഷണൽ തെറാപ്പി, ബിഹേവിയർ തെറാപ്പി എന്നിവ നൽകി വരുന്നു. വികലാംഗ അവകാശ നിയമപ്രകാരം ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള വികലാംഗ സർട്ടിഫിക്കറ്റുകൾ |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകളിലെയും ജില്ലാ ആശുപത്രികളിലെയും മെഡിക്കൽ ബോർഡുകൾ നൽകി വരുന്നുണ്ട്. തിരുവനന്തപുരം മാനസികാരോഗ്യ വിഭാഗത്തോടനുബന്ധിച്ച് ചൈൽഡ് സൈക്യാട്രി വിഭാഗത്തിൽ ഇത്തരം കുട്ടികളുടെ പെരുമാറ്റ പ്രശ്നങ്ങൾക്ക് കിടത്തി ചികിത്സക്കുള്ള പ്രത്യേക സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കമ്മ്യൂണിക്കേറ്റീവ് & കോൺഗ്നിറ്റീവ് ന്യൂറോ സയൻസസ് (ഐക്കോൺസ്) ന്റെ തിരുവനന്തപുരം, ഷൊർണ്ണൂർ കേന്ദ്രങ്ങളിലൂടെ ഓട്ടിസം ബാധിതരായ കുട്ടികൾക്ക് ആവശ്യമായ രോഗനിർണ്ണയം, തുടർചികിത്സ, പ്രത്യേക വിദ്യാഭ്യാസം എന്നിവ ക്രമമായി നൽകുന്നുണ്ട്. ഓട്ടിസം ബാധിതരായ കുട്ടികളെ ഇവിടെ പരിചരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ